LIBRARY ARCHIVES Kerala Legislative Assembly

ഗില്യൻബാരി സിൻഡ്രോം രോഗികൾക്ക് കാരുണ്യ ചികിത്സാ സഹായം

241 (589) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗില്യൻ ബാരി സിൻഡ്രോം ബാധിച്ച വ്യക്തികൾക്ക് കാരുണ്യ ചികിത്സാ സഹായ പദ്ധതിയിലൂടെ ധനസഹായം നൽകുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഗില്യൻ ബാരി സിൻഡ്രോം ബാധിച്ച വ്യക്തികളെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഗില്യൻബാരി സിൻഡ്രോം ബാധിച്ച വ്യക്തികൾക്ക് കാരുണ്യ ചികിത്സാ സഹായ പദ്ധതിയിലൂടെ ഇപ്പോൾ ധനസഹായം അനുവദിക്കുന്നില്ല എന്നാൽ കൂടുതൽ രോഗങ്ങളെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പാക്കേജ് പരിഷ്കരിക്കുന്നതിനായി ഒരു വിദഗ്ദ്ധസമിതി രൂപീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കാരുണ്യ പദ്ധതി

242 (590) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ പദ്ധതിയുടെ നടത്തിപ്പിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ നൽകിവരുന്ന ഇകയ്ക്ക് പുറമെ ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്നവർക്ക് അധിക ധനസഹായം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) കാരുണ്യ പദ്ധതി വിപുലീകരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ?